# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE: 23-04-2024** |
| **Worksheet – 4** | **Lesson: ലക്ഷ്മണസാന്ത്വനം** | **Topic: OTQ** |

1. കാലമാകുന്ന പാമ്പിന്റെ വായിലകപ്പെട്ട ലോകം എന്താണ് തേടുന്നത് ?

   .......................................................................................................................

2. മോഹമാതാവ് എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

   .......................................................................................................................

3. 'സത്രം' എന്ന അർത്ഥത്തിൽ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത് ?

   .......................................................................................................................

4. അഹംബുദ്ധി ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്നാണ് ശ്രീരാമൻ പറയുന്നത് ?

   .......................................................................................................................

5. രാഗാദിസങ്കുലമായുള്ള സംസാരത്തെ എന്തിനു തുല്യം എന്നാണ് കവി പറയുന്നത് ?

   .......................................................................................................................

6. 'ക്രോധം മൂലം മനസ്താപമുണ്ടായ് വരും' ഈ വരിയുടെ ആശയം എന്ത് ?

   .......................................................................................................................

7. 'കാലമാകുന്ന പാമ്പ്' എന്ന അർത്ഥത്തിൽ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത് ?

   .......................................................................................................................

8. മിന്നലിന്റെ പ്രഭ പോലെ ഇല്ലാതാകുന്നത് എന്ത് ?

   .......................................................................................................................

9. മർത്യജന്മത്തെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?

   .......................................................................................................................

10. കാലമാകുന്ന പാമ്പിന്റെ പിടിയിലകപ്പെട്ടിരിക്കുന്നത് ആര് ?

   .......................................................................................................................

11. 'സംസാരകാരിണിയായതവിദ്യയും' ഇതിന്റെ ആശയം എന്ത് ?

.....................................................................................................................

12. എന്തു നിമിത്തമാണ് ദോഷങ്ങളൊക്കെ വന്ന് ഭവിക്കുന്നത് ?

.................................................................................................................

13. കാലത്തെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?

..................................................................................................................

14. മോഹൈക ഹന്ത്രിയായത് എന്ത് ?

..................................................................................................................

15. ലോകത്തെ ചുട്ടുകരിക്കാമെന്ന ലക്ഷ്മണന്റെ ചിന്തയ്ക്ക് കാരണമെന്ത് ?

.................................................................................................................

16. മനുഷ്യന് ശത്രുക്കൾ ആകുന്നത് എന്തൊക്കെയാണ് ?

.................................................................................................................

17. സംസാരബന്ധത്തിന് കാരണമായത് എന്ത് ?

.................................................................................................................

18. അവിദ്യയെ എന്തായിട്ടാണ് എഴുത്തച്ഛൻ കൽപ്പിച്ചിരിക്കുന്നത് ?

................................................................................................................

19. ലോകം ദഹിപ്പിക്കാൻ ലക്ഷ്മണനെ പ്രേരിപ്പിക്കുന്നത് എന്ത് ?

................................................................................................................

20. ധർമ്മത്തെ ക്ഷയിപ്പിക്കുന്നത് എന്ത് ?

................................................................................................................

21. 'ആലോല ചേതസാ ഭോഗങ്ങൾ തേടുന്നു' ആര് ?

................................................................................................................

22. അഹം ബുദ്ധി ഉണ്ടാകുന്നത് എന്തു കൊണ്ട് ?

................................................................................................................

23. എഴുത്തച്ഛൻ കൃതികളിലെ മുഖ്യ രസം എന്തായിരുന്നു ?

................................................................................................................

24. മനസ്താപം ഉണ്ടാകുന്നത് എന്തുകൊണ്ടാണ് ?

.................................................................................................................

25. എഴുത്തച്ഛന്റെ പ്രധാനകൃതികൾ ഏവ ?

..................................................................................................................

26. 'നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നത് മുന്നമേ ഞാനെടോ' ശ്രീരാമൻ ആരുടെ തത്ത്വമാണ് അറിഞ്ഞിരിക്കുന്നത് ?

..............................................................................................................

27. 'നിന്നാലസാധ്യമായില്ലൊരു കർമ്മവും' ആരാണ്  ഇങ്ങനെ പറയുന്നത് ?

..............................................................................................................

28. നദിയിലൂടെ ഒഴുകുന്ന കാഷ്ഠങ്ങൾ പോലെ ചഞ്ചലമായത് എന്താണ് ?

..............................................................................................................

29. പാമ്പിന്റെ വായിലകപ്പെട്ട തവള എന്തിനു വേണ്ടിയാണ് അപേക്ഷിക്കു-ന്നത് ?

..............................................................................................................

30. മായാമയവും പരിണാമിയും ആയത് എന്താണ് ?

..............................................................................................................

## <u>ഉത്തരങ്ങൾ</u>

1. ഭോഗങ്ങൾ

2. അവിദ്യ

3. പെരുവഴിയമ്പലം

4. ദേഹംനിമിത്തം

5. സ്വപ്നതുല്യം

6. ക്രോധം മൂലം മനസിന് ദു:ഖമുണ്ടാകും

7. കാലാഹി

8. ഭോഗങ്ങൾ

9. ചുട്ടുപഴുത്ത ലോഹത്തിൽ വീണ വെള്ളത്തുള്ളിയോട്

10. മനുഷ്യർ

11. ലൗകിക ജീവിതദു:ഖങ്ങൾക്ക് കാരണം അവിദ്യയാണ്

12. ദേഹാഭിമാനം നിമിത്തം

13. പാമ്പിനോട്

14. വിദ്യ

15. ജ്ഞാനമില്ലായ്മ ( അറിവില്ലായ്മ )

16. കാമക്രോധലോഭമോഹാദികൾ

17. ക്രോധം

18. മോഹമാതാവ്

19. ദേഹാഭിമാനം നിമിത്തമുള്ള മഹാമോഹം

20. ക്രോധം

21. കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട ലോകം

22. ദേഹം നിമിത്തം

23. ഭക്തിരസം

24. ക്രോധം മൂലം

25. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്

26. ലക്ഷ്മണന്റെ

27. ശ്രീരാമൻ

28. കുടുംബജീവിതം

29. ഭക്ഷണത്തിനു വേണ്ടി

30. കായം / ദേഹം / ശരീരം

*****